**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 389** **23-08-2022 - ൽ മറുപടിയ്ക്ക്**

**നഗരസഭകളിലെയും കോർപ്പറേഷനുകളിലെയും ആശ്രിത നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നഗരസഭകളിലും കോർപ്പറേഷനുകളിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിത നിയമനം വഴി ജോലി ലഭിച്ച എത്ര ശതമാനം പേർ ഉണ്ടെന്ന് വിശദമാക്കാമോ; | (എ) | കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും മിനിസ്റ്റീരിയൽ വിഭാഗത്തിൽ ആശ്രിതനിയമനം വഴി ജോലി ലഭിച്ച 19.05 ശതമാനം പേർ നിലവിൽ ജോലി നോക്കി വരുന്നു. |
| (ബി) | നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിത നിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ഏതെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ; | (ബി) | സർക്കാരിന്റെ 01.06.2021 ലെ ഇ.യു4/113/2020/ തസ്വഭവ നമ്പർ കത്ത് പ്രകാരം ഓരോ വർഷവും ആശ്രിതനിയമനം മുഖേന നടത്തുന്ന നിയമനം അതാത് വർഷത്തിൽ വകുപ്പിലുണ്ടാകുന്ന ആകെ ഒഴിവിന്റെ 5% അധികരിക്കരുതെന്ന് നിഷ്കർഷിച്ചിരുന്നു. പ്രസ്തുത സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ വകുപ്പിൽ നിലവിലുണ്ടാകുന്ന ആകെ ഒഴിവിന്റെ 5% മാത്രമാണ് ആശ്രിതനിയമനത്തിനായി നീക്കി വയ്ക്കുകയും നിലവിൽ ആശ്രിതനിയമന ഉത്തരവ് നൽകുകയും ചെയ്യുന്നത്. |
| (സി) | നഗരസഭകളിലും കോർപ്പറേഷനുകളിലും അഞ്ച് ശതമാനത്തിലധികം ആശ്രിത നിയമനം നടന്നത് പുനഃക്രമീകരിക്കുന്നതിന് ട്രിബ്യൂണലിൽ നിന്നോ കോടതികളിൽ നിന്നോ ഉത്തരവ് ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല |

സെക്ഷൻ ഓഫീസർ